15 -ാം കേരള നിയമസഭ

10 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 45 29-01-2024 - ൽ മറുപടിയ്ക്ക്

## സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ സയന്റിഫിക് അസിസ്റ്റന്റ് തസ്തിക ഒഴിവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലെ നിയമനത്തിനായി എത്ര ഒഴിവുകൾ പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ബോർഡിൽ പ്രസ്തുത തസ്തികയിൽ നിലവിലുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ 45 ഒഴിവുകളാണ് ഉള്ളത്. ടി ഒഴിവുകൾ പൂർണ്ണമായും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ കൂടി ഡൗൺ ഗ്രേഡ് ചെയ്ത് ജെ.എസ്.എ. തസ്തികയിൽ നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ഒഴിവുകളാണ് ഇപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | 15 സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകൾ, ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയായി തരംതാഴ്ത്തി ആയവ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | റിപ്പോർട്ട് ചെയ്യാത്ത ഏതെങ്കിലും ഒഴിവുകൾ മേൽപറഞ്ഞ തസ്തികകളിൽ നിലവിൽ അവശേഷിക്കുന്നുണ്ടോ; എങ്കിൽ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത തസ്തികകളിൽ മലിനീകരണ നിയന്ത്രണ ബോർഡിൽ നിലവിൽ താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഇല്ല. ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 22 ജീവനക്കാർ കോൺട്രാക്ട് അടിസ്ഥാനത്തിലും, 22 ജീവനക്കാർ ദിവസ വേതനാടിസ്ഥാനത്തിലും സേവനം അനുഷ്ഠിക്കുന്നുണ്ട്. |
| (ഡി) | മലിനീകരണ നിയന്ത്രണ ബോർഡിന് കീഴിലുള്ള ജില്ലാ ലാബുകളിൽ നിലവിൽ എത്ര ജെ.എസ്.എ. തസ്തികകൾ വീതമാണുള്ളത്; ലബോറട്ടറി പരിശോധനകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ പ്രസ്തുത സ്റ്റാഫ് സ്ട്രെങ്ത് പര്യാപ്തമാണോ; അല്ലെങ്കിൽ ആയത് പരിഷ്കരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (ഡി) | മലിനീകരണ നിയന്ത്രണ ബോർഡിന് കീഴിലുള്ള ജില്ലാ ലാബുകളിൽ നിലവിൽ ചുവടെ ചേർക്കും പ്രകാരമാണ് ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകൾ ഉള്ളത്. പ്രസ്തുത സ്റ്റാഫ് സ്ട്രെങ്ത് ലബോറട്ടറി പരിശോധനകൾ സമയബന്ധിതമായി പൂർത്തീകരികരിക്കുവാൻ നിലവിൽ പര്യാപ്തമാണ്. |

| കാര്യാലയം | എണ്ണം |
|---|---|
| ഹെഡ് ഓഫീസ് | 2 |
| സെൻട്രൽ ലബോറട്ടറി എറണാകുളം | 12 |
| ജില്ലാ ഓഫീസ് തിരുവനന്തപുരം | 2 |
| ജില്ലാ ഓഫീസ് കൊല്ലം | 2 |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>ജില്ലാ ഓഫീസ് ആലപ്പുഴ</td><td>2</td></tr>
<tr><td>ജില്ലാ ഓഫീസ് പത്തനംതിട്ട</td><td>2</td></tr>
<tr><td>ജില്ലാ ഓഫീസ് എറണാകുളം</td><td>2</td></tr>
<tr><td>ഇ.എസ്.സി. ഏലൂർ</td><td>2</td></tr>
<tr><td>ജില്ലാ ഓഫീസ് കോട്ടയം</td><td>2</td></tr>
<tr><td>ജില്ലാ ഓഫീസ് ഇടുക്കി</td><td>2</td></tr>
<tr><td>ജില്ലാ ഓഫീസ് തൃശ്ശൂർ</td><td>2</td></tr>
<tr><td>ജില്ലാ ഓഫീസ് പാലക്കാട്</td><td>2</td></tr>
<tr><td>ജില്ലാ ഓഫീസ് മലപ്പുറം</td><td>2</td></tr>
<tr><td>റീജിയണൽ ലാബ് കോഴിക്കോട്</td><td>3</td></tr>
<tr><td>ജില്ലാ ഓഫീസ് വയനാട്</td><td>2</td></tr>
<tr><td>ജില്ലാ ഓഫീസ് കണ്ണൂർ</td><td>2</td></tr>
<tr><td>ജില്ലാ ഓഫീസ് കാസർഗോഡ്</td><td>2</td></tr>
<tr><td>ആകെ</td><td>45</td></tr>
</table>
</td></tr>
<tr><td>(ഇ)</td><td>സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ വാർഷിക റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?</td><td>(ഇ)</td><td>കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2016-17 സാമ്പത്തിക വർഷം വരെയുള്ള വാർഷിക റിപ്പോർട്ടുകൾ മാത്രമാണ് സർക്കാരിൽ സമർപ്പിച്ചിട്ടുള്ളത്.</td></tr>
</table>

സെക്ഷൻ ഓഫീസർ